"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-ഫിഷറീസ് വകുപ്പിലെ ക്ലാർക്ക് ശ്രീമതി.പ്രിയ.കെ.പി യ്ക്ക് തൃശ്ശൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1988/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/10/2020

---

പരാമർശം:- 1 06.02.2013ലെ സ.ഉ(പി) 05/13/ഉഭപവ നമ്പർ ഉത്തരവ്.

2 ശ്രീമതി.പ്രിയ.കെ.പി യുടെ 19.11.2019 ലെ അപേക്ഷ.

3 ഫിഷറീസ് വകുപ്പിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ

30.12.2019 ലെ ഡി എഫ് ടി വി എം/2046/2019-എ 1നമ്പർ നടപടി ക്രമം.

4 പഞ്ചായത്ത് ഡയറക്ടറുടെ 22.03.2020, 26.08.2020 എന്നീ

തീയതികളിലെ ഇ6- 17565/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ ഫിഷറീസ് വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ 09.02.2018 മുതൽ ജോലി നോക്കി വരുന്ന ക്ലാർക്ക് ശ്രീമതി.പ്രിയ.കെ.പി തൃശ്ശൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. പരാമർശം (1) ലെ ഉത്തരവിലെ ഖണ്ഡിക 3(viii) ലെ വ്യവസ്ഥകൾ പ്രകാരം ആസ്ഥാന ഒഴിവിൽ നിയമിതരായ ജീവനക്കാർക്ക് 5 വർഷ നിബന്ധനയില്ലാതെ അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിക്കാവുന്നതാണ്. എന്നാൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ സേവനം ക്രമവല്ക്കരിച്ചതിന് ശേഷം മാത്രമേ അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കാൻ കഴിയുകയുള്ളൂ. ശ്രീമതി.പ്രിയ.കെ.പി യുടെ ക്ലാർക്ക് തസ്തികയിലെ സേവനം പരാമർശം(3) പ്രകാരം ക്രമവൽക്കരിച്ചിട്ടുണ്ട്. ടിയാരിയെ വകുപ്പിൽ നിന്ന് വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്ന നിരാക്ഷേപ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ഫിഷറീസ് വകുപ്പിൽ ഒഴിവുകൾ നിലവിലില്ല എന്ന് ഫിഷറീസ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ ഫിഷറീസ് വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി.പ്രിയ.കെ.പി യ്ക്ക് തൃശ്ശൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

4. ശ്രീമതി.പ്രിയ.കെ.പി പഞ്ചായത്ത് വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

**പകർപ്പ്**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഫിഷറീസ് വകുപ്പ് ഡയറക്ടറേറ്റ് തിരുവനന്തപുരം.

ശ്രീമതി.പ്രിയ.കെ.പി, ക്ലാർക്ക്, ഫിഷറീസ് വകുപ്പ് ഡയറക്ടറേറ്റ് തിരുവനന്തപുരം.(ഫിഷറീസ് വകുപ്പ് ഡയറക്ടർ മുഖാന്തിരം)

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ & എ) കേരള.

വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ (95/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ